# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1000** 10.06.2019-ലെ മറുപടി

## ശുദ്ധജലവിതരണം നടത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.എൻ.ഷംസീർ** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശത്ത് ശുദ്ധജലവിതരണം നടത്തുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിലേക്ക് പുതിയ പൈപ്പലൈനുകൾ സ്ഥാപിച്ചും പൈപ്പലൈനുകൾ നീട്ടിയും വാൽവുകൾ ക്രമീകരിച്ചും സാങ്കേതികമായി സാദ്ധ്യമായ സ്ഥലങ്ങളിൽ പൈപ്പലൈനുകളിൽ ഇന്റർകണക്ഷൻ വർക്കുകൾ നടത്തിയും കിയോസ്കുകൾ സ്ഥാപിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവ മുഖാന്തിരം ടാങ്കർ ലോറികൾ വഴിയും കുടിവെള്ളം എത്തിക്കുന്നു. ടാങ്കർ ലോറികൾ വഴിയുള്ള കുടിവെള്ള വിതരണം സുഗമമാക്കുവാൻ വേണ്ടി ഹൈഡ്രന്റുകളും വെൻഡിംഗ് പോയിന്റുകളും സ്ഥാപിക്കുന്നു. പൈപ്പലൈനുകളിൽ ഉണ്ടാകുന്ന അറ്റകുറ്റപണികളും പമ്പ്, മോട്ടോർ, വാൽവ് എന്നിവയിലുണ്ടാകുന്ന തകരാറുകളും അടിയന്തിരമായി പരിഹരിച്ചും കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നു. പമ്പ് ഹൗസുകളുടെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കുവാൻ വേണ്ടി താൽക്കാലിക തടയണകൾ സ്ഥാപിക്കുന്നതു ഇതുവഴി പമ്പിംഗ് മുടങ്ങാതെ നടത്തുവാൻ സാധിക്കുന്നു. ജലലഭ്യതയുള്ള പദ്ധതികളിൽ പമ്പിംഗ് സമയം കൂട്ടി കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നു. ശുദ്ധജല ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ ശുദ്ധജല വിതരണം നടത്തുന്നു. ഇതുകൂടാതെ സംസ്ഥാനത്തിലെ വിവിധ സ്ഥലങ്ങളിൽ നിലനിൽക്കുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേക്കായി കിഫ്ബി, അമൃത്, നബാർഡ്, സ്റ്റേറ്റ് പ്ലാൻ, എൻ. ആർ. ഡി. ഡബ്ലിയു. പി, നീതി ആയോഗ്, എം. എൽ. എ. എ. ഡി. എഫ് എന്നീ ഫണ്ടുകൾ വിനിയോഗിച്ച് പുതിയ കുടിവെള്ള പദ്ധതികൾ (ജലശുദ്ധീകരണ ശാലകളും വിതരണ ശൃംഖലകളും ഉൾപ്പടെ) നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| ബി) പ്രസ്തുത പ്രദേശങ്ങളിൽ ശുദ്ധജല വിതരണം കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സർക്കാർ എന്തെങ്കിലും മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അത് എന്താണെന്നും വ്യക്തമാക്കാമോ? | ബി) എല്ലാ ജില്ലകളിലും കുടിവെള്ള ക്ഷാമവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുവാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജമാക്കിയിട്ടുണ്ട്. കുടിവെള്ള ലഭ്യതയെ സംബന്ധിച്ച പരാതികൾക്ക് അടിയന്തിര പ്രാധാന്യം നൽകി പരിഹാരം കാണുന്നുണ്ട്. എല്ലാ ഫീൽഡ് സ്റ്റാഫിനും ശുദ്ധജല വിതരണം കൃത്യമായി നടത്തുന്നതിനുള്ള പരിശീലനവും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ശുദ്ധജല വിതരണത്തിലെ പരാതികൾ പരിഹരിക്കുന്നതിനായി അവലോകന യോഗങ്ങളും നടപടികളും സ്വീകരിച്ച് വരുന്നു. ലഭിക്കുന്ന പരാതികൾ കൃത്യമായി പരിഹരിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നു. ജി. പി. എസ്. സംവിധാനമുള്ള വാഹനങ്ങളിൽ ജലവിതരണം നടത്തുകയും ജലവിതരണം ചെയ്യുന്ന സ്ഥലങ്ങളിൽ വാഹനത്തിന്റെ നമ്പർ, വിതരണം ചെയ്യുന്ന സ്ഥലം, തീയതി, അളവ് മുതലായവ രേഖപ്പെടുത്തുക തുടങ്ങിയ കൃത്യമായ അവലോകന നടപടികൾ സ്വീകരിച്ച് വരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ